# "ശുഭയാത്ര 2017"-റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി റോഡ് സുരക്ഷതത്വ റാലിയും പൊതു സമ്മേളനവും നടത്തി

യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും റോഡ് അപകടങ്ങൾ കുറക്കുന്നതിനും വേണ്ടി കേരള പോലീസിൻെറ ശുഭയാത്ര 2017 പദ്ധതിയുടെ ഭാഗമായി നോർത്ത് പറവൂർ ജനമൈത്രി പോലീസും, ട്രാഫിക്ക് പോലീസും സംയുക്തമായി റോഡ് സുരക്ഷതത്വ റാലിയും പൊതു സമ്മേളനവും നടത്തി.

രാവിലെ 8.30 ന് ഗവ.ബോയ്സ് സ്കൂളിൽ നിന്നാരംഭിച്ച ബോധവൽക്കരണ റാലി നോർത്ത് പറവൂർ പോലീസ് ഇൻസ്പെക്ടർ ശ്രീ.ക്രിസ്പിൻസാം ഫ്ളാഗ്ഓഫ് ചെയ്തു. റാലിയിൽ വിവിധ സ്കൂളുകളിൽ നിന്നുള്ള എസ്.പി.സി, സ്കൗട്ട്, ജൂനിയർ റെഡ് ക്രോസ്, സി.സി.സി, സ്ത്രീ സൗഹാർദ്ദ ഓട്ടോ ഡ്രൈവർമാർ, റസിഡൻസ് അസോസിയേഷൻ അംഗങ്ങൾ, ജനമൈത്രി സുരക്ഷാ സമതിയംഗങ്ങൾ, പോലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

നോർത്ത് പറവൂർ വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ അവസാനിച്ച റാലിയെ തുടർന്ന് നടത്തിയ പൊതുസമ്മേളനം എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ്. ഐ.പി.എസ് ഉദ്ഘാടനം ചെയ്തു. നോർത്ത് പറവൂർ പോലീസ് ഇൻസ്പെക്ടർ ശ്രീ.ക്രിസ്പിൻസാം അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വരാപ്പുഴ സബ്ബ് ഇൻസ്പെക്ടർ ശ്രീ.സി.എസ്.ഷാരോൺ സ്വാഗതം ആശംസിച്ചു. പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ.യേശുദാസ് പറപ്പിള്ളി മുഖ്യപ്രഭാഷണം നടത്തി, പറവൂർ മുനിസിപ്പൽ പ്രതിപക്ഷ നേതാവ് ശ്രീ.കെ.എ.വിദ്യാനന്ദൻ, മുനിസിപ്പൽ കൗൺസിലർ പ്രദീപ് തോപ്പിൽ, PATRAC പ്രസിഡൻറ് ശ്രീ.ജോർജ്ജ് വർക്കി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ.പി.ആർ.സൈജൻ, EDRAC ജില്ലാ കമ്മറ്റിയംഗം ആർ.വിശ്വംഭരൻ, സിനിമാതാരങ്ങളായ ശ്രീ.ബിജുക്കുട്ടൻ, വിനോദ് കെടാമംഗലം എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പറവൂർ മുനിസിപ്പൽ ചെയർമാൻ ശ്രീ.രമേഷ് ഡി കുറുപ്പ് റോഡ് സുരക്ഷാ പ്രതിജ്ഞ ചൊല്ലികൊടുത്തു. തുടർന്ന് നടന്ന റോഡ് സുരക്ഷ ബോധവൽക്കരണ ക്ലാസ് നോർത്ത് പറവൂർ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീ.എ.ആർ.രാജേഷ് നയിച്ചു. നോർത്ത് പറവൂർ ട്രാഫിക്ക് യൂണിറ്റ് സബ്ബ് ഇൻസ്പെക്ടർ ശ്രീ.റ്റി.ബി.മുരളി കൃതജ്ഞത രേഖപ്പെടുത്തി.



ജനമൈത്രി പോലീസിന്റെ ശുഭയാത്ര - സുരക്ഷിതയാത്രയുടെ റാലിയും പൊതുസമ്മേളനവും പറവൂർ വ്യാപാരഭവൻ ഹാളിൽ എറണാകുളം റൂറൽ എസ്.പി എ.വി.ജോർജ് ഉദ്ഘാടനം ചെയ്യുന്നു.

എൻ.പറവൂർ 14-2-2017